# UNSTARRED QUESTIONS AND ANSWERS.

## പട്ടികജാതി പട്ടികവർഗ്ഗം.

375. [4] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റിൽ പട്ടികജാതി പട്ടിക വർഗ്ഗം എന്നറിയപ്പെടുന്നവരുടെ എണ്ണം, എത്രയാണെന്നുള്ള കണക്ക് ഗവണ്മെൻറിന്റെ കൈവശം ഉണ്ടോ;

(ബി) ഇല്ലെങ്കിൽ കണക്ക് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

### ഉത്തരം

(എ) 1951-ലെ സെൻസസിൻപ്രകാരമുള്ള കണക്ക് ഗവണ്മെൻറിന്റെ കൈവശം ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## കാളണി സ്ഥാപിച്ചുകിട്ടണമെന്നുള്ള അപേക്ഷ.

376. [7] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽ ഒരു കാളണി സ്ഥാപിച്ചു കിട്ടണമെന്നു കാണിച്ചു "മാഞ്ഞൂർ വില്ലേജ് ഹരിജന സംഘത്തിൽ" നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

(സി) ടി വില്ലേജിൽ ഒരു കാളണി സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം വെട്ടിക്കുന്നതിനു പൊന്നുംവില നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 1958 ആഗസ്റ്റ് മാസം 15-ാംതീയതി മാഞ്ഞൂർ വില്ലേജ് ആഫീസർ ഗവണ്മെൻറിനു് ഉത്തരവനുസരിച്ചു് സ്ഥലമെടുപ്പു സംബന്ധമായി സ്കെച്ചും പ്ലാനും മറ്റും ഗവണ്മെൻറിലേക്കു് അയച്ചിട്ടുണ്ടോ;

(ഇ) എത്രയുംവേഗം ടി വില്ലേജിൽ ഹരിജനങ്ങൾക്കു് ഒരു കാളണി സ്ഥാപിക്കുന്നതിനുവേണ്ടി സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം.

(എ) ഉണ്ട്.

(ബി) 4.45 ഏക്കർ സ്ഥലം പൊന്നുംവിലയെടുക്കുന്നതിനു് കോട്ടയം ഡിസ്ട്രിക്ടറും കളക്ടർക്കു് എഴുതിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) സ്വീകരിക്കാം.

## പുലയമഹാസഭോദ്ധാരക ആഫീസുകെട്ടിടം നശിപ്പിച്ചു പരാതി.

377. [19] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ കസ്ബാ സ്റ്റേഷനതിർത്തിയിൽപ്പെട്ട കണ്ണന്തുർ കരയിൽ പുലയമഹാസഭോദ്ധാരക ആഫീസു കെട്ടിടം 21-4-1959-നു് ചിലർ കയ്യേറി നശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) പരാതി ലഭിച്ചു.

(ബി) വേണ്ട അന്വേഷണം നടത്തി. പരാതി അവാസ്തവമാണെന്ന് അറിയുന്നു. അവർതന്നെ കെട്ടിടം പൊളിച്ചതാണ്.

## CALLING ATTENTION UNDER RULE 66:

**മി. സ്പീക്കർ:** ശ്രീമതി കുസുമം ജോസഫ്, ശ്രീമതി പി. ആർ. കുറുപ്പ് എന്നിവരുടെ ..... .....

(സഭയിൽ കൂട്ടച്ചിരി)

**ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ:** സർ, ഞങ്ങളും ചിരിച്ചുപോയി. ഈയിടെ ചിലപ്പോൾ പുരുഷന്മാർ പെരുമാറുന്നതുപോലെ സ്ത്രീകളായി മാറുന്നതായി കേട്ടിട്ടുണ്ട്. അങ്ങനെ പറഞ്ഞുപോയതാണോ എന്നു വിചാരിച്ചാൽ മതി.

9 a. m.

**മി. സ്പീക്കർ:** ഞാൻ 'ശ്രീമതി കുറുപ്പ്' എന്നാണോ പറഞ്ഞത്? എങ്കിൽ I am sorry.

**ശ്രീ. ജോസഫ് ചാഴിക്കാടൻ:** കുമാരി പി. ആർ. കുറുപ്പ് എന്നു പറഞ്ഞാൽ മതി.

**മി. സ്പീക്കർ:** ആർഡർ, ആർഡർ. ഇവർ റൂൾ 66 അനുസരിച്ചു നോട്ടീസ് തന്നിട്ടുണ്ട്. അതു രണ്ടും ഞാൻ അനുവദിക്കുന്നില്ല.

## THE KERALA EDUCATION RULES.

### Chapter XXI—(*contd.*)

**Mr. Speaker:** Yesterday Shri George Joseph Podippara was speaking when the House rose.

**Shri George Joseph Podippara:** എനിക്ക് പറയാൻ ഉള്ളതെല്ലാം ഇന്നലെ പറഞ്ഞുകഴിഞ്ഞു.

**Mr. Speaker:** Then, Shri Hassan Gani can now speak.

**ശ്രീ. കെ. ഹസ്സൻ ഗനി:** സർ, ഈ വകുപ്പ് പള്ളിക്കൂടങ്ങളിലെ നിയമനകാര്യങ്ങളെ സംബന്ധിക്കുന്നതായതുകൊണ്ട് ഇതുസംബന്ധിച്ച് രണ്ടു വാക്ക പറയേണ്ടതുണ്ട് അവശ്യസമുദായത്തിലെ ഒരംഗമായ എന്റെ കർത്തവ്യമാണെന്നു കരുതുന്നു. പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേനെ നിയമിക്കുവാനുണ്ടെങ്കിൽ തന്നെ ഇരുപത്തിഅഞ്ചു പേരുടെ ഒരു ലിസ്റ്റ് സമർപ്പിക്കണമെന്നും, ആ ലിസ്റ്റിൽനിന്നും പ്രൈവറ്റ്സ്കൂളിലേയ്ക്ക് ആവശ്യമുള്ള അദ്ധ്യാപകന്മാരെ എടുത്തതിനുശേഷം ബാക്കിവരുന്ന ഉദ്യോഗാർത്ഥികളെ ഒരു കൊല്ലത്തിനിടയിൽ ഉണ്ടാകുവാനിടയുള്ള ഒഴിവുകളിൽ നിയമിക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ ഒരു കൊല്ലത്തിനിടയിൽ അത്രയധികം വേക്കൻസികൾ വരുകയില്ലെന്നതന്നെ വിചാരിക്കാം. പ്രൈവറ്റ്സ്കൂളുകളെ സംബന്ധിച്ചിടത്തോളം, അദ്ധ്യാപകന്മാരുടെ നിയമനകാര്യങ്ങളിൽ, മാനേജരന്മാർക്ക പൂർണ്ണ അധികാരം നൽകണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നുണ്ടെങ്കിലും അതിന്റെ അടിസ്ഥാനത്തിലായിരിക്കണം, പ്രൈവറ്റ്സ്കൂളിലെ നിയമനങ്ങൾ, ഏതു മതത്തിലോ, അല്ലെങ്കിൽ സമുദായത്തിലോ ഉൾപ്പെട്ടതാണോ, ആ സ്കൂളുകൾ എങ്കിൽ, ആ മതത്തിനോ അല്ലെങ്കിൽ സമുദായത്തിനോ മുൻഗണന നൽകിയായിരിക്കണമെന്നുള്ളതുകൊണ്ട് അവശ്യസമുദായങ്ങളുടെ കാര്യത്തിൽ അവിടെ കൂടി പരിഗണിക്കുമെന്നുള്ളതു തീർച്ചയാണ്. അതുകൊണ്ട് ആ ലിസ്റ്റിൽ ബാക്കിവരുന്നവരെയെല്ലാം തന്നെ ഗവണ്മെന്റ് സ്കൂളുകളിൽ നിയമിക്കേണ്ടതാവശ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ, പബ്ലിക് സർവ്വീസ് കമ്മിഷൻ നൽകുന്ന ലിസ്റ്റിൽനിന്നും പ്രൈവറ്റ് സ്കൂളിലേയ്ക്കാവശ്യമുള്ള അദ്ധ്യാപകരെ നിയമിച്ചുകഴിഞ്ഞതിനുശേഷം, ബാക്കിവരുന്ന

LIBRARY ARCHIVES Kerala Legislative Assembly